(ഡി) ഉണ്ട്. ഫ്ലോ മീറ്റർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ഇ) നീരേറ്റുപുറം പദ്ധതി നടപ്പിലാകുന്നതോടുകൂടി ജലദൗർലഭ്യം പരിഹരിക്കാൻ സാധിക്കും.

കോഴിക്കോട് ജില്ലയിലെ എലത്തൂർ-തലക്കുളത്തൂർ ശുദ്ധജലവിതരണ പദ്ധതി

65 [3928] *ശ്രീ. എ. സി. ഷൺമുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ-തലക്കുളത്തൂർ ശുദ്ധജല വിതരണ പദ്ധതിയിൽ നിന്നും ആകെ എത്ര ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട് എന്ന് അറിയിക്കാമോ;

(ബി) 2002-03, 2003-04, 2004-05 എന്നീ വർഷങ്ങളിൽ കൊടുത്ത കണക്ഷനുകൾ എത്രയാണ്;

(സി) ഗാർഹിക കണക്ഷനുവേണ്ടി എലത്തൂർ പഞ്ചായത്തിലും തലക്കുളത്തൂർ പഞ്ചായത്തിലും എത്ര അപേക്ഷകർക്ക് കണക്ഷൻ കൊടുക്കാൻ ബാക്കിയുണ്ട്;

(ഡി) പ്രസ്തുത കണക്ഷനുകൾക്കെല്ലാം കൂടി എത്ര വെള്ളം വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 1263 ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(ബി) 2002-ൽ 135 കണക്ഷനുകളും 2003-ൽ 121 കണക്ഷനുകളും 2004-ൽ 119 കണക്ഷനുകളും 2005-ൽ ഇതുവരെ 33 കണക്ഷനുകളും നൽകിയിട്ടുണ്ട്.

(സി) 72 അപേക്ഷകർക്ക് കണക്ഷൻ കൊടുക്കാൻ ബാക്കിയുണ്ട്.

(ഡി) പ്രതിദിനം 6,31,500 ലിറ്റർ വെള്ളം വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

കുട്ടനാട് ശുദ്ധജല വിതരണ പദ്ധതി

66 [3929] *ശ്രീ. കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് ശുദ്ധജലവിതരണ പദ്ധതിയുടെ മെയിൻ ട്രാൻസ്മിഷൻ ലൈനുകളും മെയിൻ ഡിസ്ട്രിബ്യൂഷൻ ലൈനുകളും റോഡുകളുടെ നടുഭാഗത്തും ആഴത്തിലും കിടക്കുന്നതുകൊണ്ടും കാലപ്പഴക്കംമൂലം ഉപയോഗക്ഷമമല്ലാത്തതുമാണെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുമൂലം കുട്ടനാട്ടിലെ ജലവിതരണം കാര്യക്ഷമമല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നീരേറ്റുപുറത്ത് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നും പ്രധാന ട്രാൻസ്മിഷൻ, പ്രധാന ഡിസ്ട്രിബ്യൂഷൻ ലൈനുകൾ പുതിയതായി സ്ഥാപിക്കുന്നതിന് ഒരു പദ്ധതി തയ്യാറാക്കി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ധനലഭ്യത അനുസരിച്ച് മാത്രമേ ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നും പ്രധാന ട്രാൻസ്മിഷൻ, പ്രധാന ഡിസ്ട്രിബ്യൂഷൻ ലൈനുകൾ എന്നിവ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ കഴിയൂ.

തിരുവാങ്കുളം, ചോറ്റാനിക്കര പഞ്ചായത്തുകളിലെ ശുദ്ധജലവിതരണ പദ്ധതികൾ

67 [3930] *ശ്രീ. ടി. എം. ജേക്കബ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ തിരുവാങ്കുളം, ചോറ്റാനിക്കര എന്നീ പഞ്ചായത്തുകളിലെ നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതികൾ വിപുലീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത വിപുലീകരണ പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ?

ഉത്തരം

(എ) എറണാകുളം ജില്ലയിലെ തിരുവാങ്കുളം, ചോറ്റാനിക്കര എന്നീ പഞ്ചായത്തുകളിൽ നിലവിലുള്ള അമ്പലമുകൾ ഇൻഡസ്ട്രിയൽ വാട്ടർ സപ്ലൈ സ്കീമിൽ നിന്നും റോ വാട്ടർ ശേഖരിച്ച് ശുദ്ധീകരിച്ചാണ് വിതരണം ചെയ്യുന്നത്. ചോറ്റാനിക്കര പഞ്ചായത്തിലെ ശുദ്ധജല വിതരണം മെച്ചപ്പെടുത്തുന്നതിനായി നിലവിൽ ഉപയോഗശൂന്യമായി കിടന്നിരുന്ന പമ്പ് ഹൗസും കിണറും പുനരുദ്ധീകരിച്ചും പുതിയ പമ്പ് സെറ്റുകൾ സ്ഥാപിച്ചും കൂടുതൽ ജലം ശുദ്ധീകരണ ശാലയിൽ എത്തിക്കുന്നതിനുള്ള പണികൾ പുരോഗമിച്ചുവരുന്നു. തിരുവാങ്കുളം പഞ്ചായത്തിലെ ശുദ്ധജല വിതരണം മെച്ചപ്പെടുത്തുന്നതിനായി ചിത്രപ്പുഴ ജംഗ്ഷനിൽ പുതിയ സംഭരണിയും പുതിയ പമ്പ് സെറ്റും ഹിൽപാലസ് കോമ്പൗണ്ടിലുള്ള ഉപരിതല സംഭരണിയിലേക്ക് പുതിയ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിനുള്ള പണികളും പുരോഗമിച്ചുവരുന്നു. കൂടാതെ ഈ പഞ്ചായത്തുകളിലെ

LIBRARY ARCHIVES Kerala Legislative Assembly